## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7610 15.07.2014 - ലെ മറുപടിക്ക്

### ജീവനക്കാർക്ക് മാതൃ വകുപ്പിലേക്ക് പുനർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) കെ. എസ്. & എസ്. എസ്. ആർ. റൂൾ 8 പ്രകാരം ജീവനക്കാർക്ക് ലഭിക്കേണ്ട പേരന്റ് ഡിപ്പാർട്ടുമെന്റിലെ പുനർ നിയമനം താമസിപ്പിക്കുന്നതും അനാവശ്യമായ കോടതി വ്യവഹാരങ്ങളിലേക്ക് എത്തിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എല്ലാ വകുപ്പു മേധാവികൾക്കും ഇതു സംബന്ധിച്ച് പുതിയ സ്പഷ്ടീകരണ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരം പേരന്റ് ഡിപ്പാർട്ടുമെന്റിൽ തിരികെ വരുന്നതിന് ഒരു ജീവനക്കാരൻ പാലിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ; | (ബി) മാതൃ വകുപ്പിൽ പുനർ നിയമനം ലഭിക്കുന്നതിനായി ഒരു ജീവനക്കാരൻ പാലിക്കേണ്ട നടപടി ക്രമം സംബന്ധിച്ച വ്യവസ്ഥകൾ ഒന്നും തന്നെ ചട്ടത്തിൽ പ്രതിപാദിച്ചിട്ടില്ല. |
| (സി) കെ. എസ്. & എസ്. എസ്. ആർ. റൂൾ 8 പ്രകാരമുള്ള ഒരപേക്ഷ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നത് വകുപ്പു മേധാവിയുടെ വിവേചനാധികാര പ്രകാരമാണോ; ആണെങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ; | (സി) അല്ല. ചട്ട പ്രകാരമാണ് നടപടികൾ സ്വീകരിക്കേണ്ടത്. |
| (ഡി) അല്ലെങ്കിൽ ഇത്തരം കേസുകളിൽ ബോധപൂർവ്വം കുറ്റകരമായ കാലതാമസം വരുത്തുന്ന വകുപ്പു മേധാവികൾക്കെതിരെ എന്തെല്ലാം നിയമ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്നറിയിക്കുമോ; | (ഡി) ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS (CC&A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 അനുസരിച്ച് സർക്കാർ ഇറക്കിയിട്ടുള്ള സുപ്രധാന ഉത്തരവുകളുടെ/ സർക്കുലറുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ഇ) | പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 സംബന്ധിച്ച് ബഹു. ഹൈക്കോടതിയും ബഹു. സുപ്രീം കോടതിയും നടത്തിയിട്ടുള്ള സുപ്രധാന വിധികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എഫ്) | ശേഖരിച്ചു നൽകുന്നതാണ്. |
| (ജി) | ജീവനക്കാർ നീതിനിഷേധത്തിനെതിരെ നിരന്തരം കേസ്സുകൾക്ക് പോകേണ്ടി വരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കേസ്സുകളിൽ അനാവശ്യമായി ജീവനക്കാരെ പീഡിപ്പിക്കുന്നത് തടയുവാൻ മുഖ്യമന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു പ്രത്യേക അവലോകന സമിതിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ജി) | ഇല്ല; ഇപ്പോൾ പരിഗണനയിലില്ല. |
| (എച്ച്) | കെ.എസ്. & എസ്.എസ്.ആർ. റൂൾ 8 പ്രകാരം പേരന്റ് ഡിപ്പാർട്ടുമെന്റിലേക്ക് തിരികെ വരുന്നതിന് അപേക്ഷ നൽകി കാത്തിരിക്കുന്നവർ എത്രയെന്ന് വ്യക്തമാക്കുമോ ? | (എച്ച്) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**